# സഭയ്ക്കുവേണ്ടി ജീവൻ
# ബലികൊടുത്ത
# ധീരനായ രക്തസാക്ഷി



ഫാ.ഡോ. കെ.ജെ. തോമസ്

**സഭയ്ക്കുവേണ്ടി ജീവൻ ബലികൊടുത്ത ധീരനായ രക്തസാക്ഷി ഫാ.ഡോ. കെ.ജെ. തോമസ്**

ക്രൈസ്തവ ജീവിതത്തിന്റെ സാക്ഷാത്കാരം യേശുനാഥനുവേണ്ടിയുള്ള രക്തസാക്ഷിത്ത്വമാണ്. ആ പൂർണ്ണത ഫാ. കെ.ജെ. തോമസിൽ നമുക്ക് ദർശിക്കാനാകും. പുരോഹിതരെ വാർത്തെടുക്കുന്ന മേജർ സെമിനാരിയുടെ റെക്ടർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം ചെയ്യുന്നതിനിടെ സെമിനാരിയെ തകർക്കാനുള്ള ചിലരുടെ ഗൂഢശ്രമത്തെ എതിർത്ത സംഭവങ്ങളാണ് ഫാ.കെ.ജെ. തോമസിന്റെ രക്തസാക്ഷിത്വത്തിലേയ്ക്ക് നയിച്ചത്. 2013 ഏപ്രിൽ 1-ന് പുലർച്ചെ ബാംഗ്ലൂർ സെന്റ്. പീറ്റേഴ്സ് സെമിനാരിയിൽ പൊലിഞ്ഞ ആ ധന്യാത്മാവിന്റെ 62 വർഷത്തെ ജീവിത വഴികൾ ചുരുക്കത്തിൽ......

**ജനനം/മാതാപിതാക്കൾ**

കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ പഴേമ്പള്ളിലായ കൊച്ചുപുരയിൽ ജോസഫ് - ഏലീ ദമ്പതികളുടെ 5-ാമത്തെ പുത്രനാണ് ഫാ. തോമസ്. 1951 മെയ്യ് 13-നാണ് ജനനം. തന്റെ മാതാപിതാക്കളുടെ മാതൃകയാർന്ന ക്രൈസ്തവ ജീവിതമാണ് ഫാ.തോമസിന്റെ സ്വാഭാവം രൂപപ്പെടുത്തിയത്. കൂടാതെ തന്റെ പിതൃസഹോദരനായ ഫാ. കുര്യാക്കോസ് പഴേമ്പള്ളിയുടെയും, വല്യപ്പന്റെ സഹോദരനായ ഫാ. ജേക്കബ്ബ് പഴേമ്പള്ളിയുടെയും ജീവിത മാതൃകകൾ, ചെറുപ്പത്തിലെ ഫാ. തോമസിൽ ഒരു മിഷനറിയുടെ ചൈതന്യം രൂപപ്പെടുത്തിയിരുന്നു. തന്റെ കുടുംബത്തിലെ കാരണവരായ രണ്ടു വൈദികരും പോണ്ടിച്ചേരി രൂപതയിലെ മിഷനറി വൈദികരായിരുന്നു. ഫാ. ജേക്കബ്ബ് പഴേമ്പള്ളി തന്റെ മരണത്തിന് മുമ്പായി വാഴ്വ് നൽകിയപ്പോൾ ബാലനായ തോമസിനെ വിളിച്ചു വരുത്തി തോമസ് ഒരു വൈദികനാകുമെന്ന് പറഞ്ഞ് വാഴ്വ് കൊടുത്തത് ഇന്നും തോമസിന്റെ മുതിർന്ന സഹോദരിയുടെ മനസ്സിൽ പച്ച പിടിച്ച് നിൽക്കുന്നു. തന്റെ പിതാവിനെപ്പോലെ മാതൃഇടവകയിലെ എല്ലാ കാര്യങ്ങളിലും വ്യാപൃതനായിരുന്നു ബാലനായ തോമസ്.

**വിദ്യാഭ്യാസം**

ഏറ്റുമാനൂർ ടൗൺ യു.പി.സ്കൂൾ, കോട്ടയം സേക്രട്ട് ഹാർട്ട് സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം സെമിനാരിയിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ കോളേജ് പഠനം കൂടി കഴിഞ്ഞ് സെമിനാരിയിൽ ചേർന്നാൽ മതിയെന്നുള്ള പിതൃസഹോദരൻ ഫാ.കുര്യാക്കോസിന്റെ നിർദ്ദേശം സ്വീകരിച്ച് മാന്നാനം K.E. Collegeൽ പ്രീഡിഗ്രി വിദ്യാഭ്യാസം നടത്തി.

**ഊട്ടി രൂപതയിൽ വൈദികൻ**

തോമസ് സെമിനാരിയിൽ ചേർന്നകാലത്ത് മലയാളികളെ പൊതുവെ തമിഴ്നാട്ടിലെ രൂപതകളിലേയ്ക്ക് എടുക്കുന്നത് കുറഞ്ഞിരുന്നു. ഫാ.കുര്യാക്കോസിന്റെ സഹപാഠിയായിരുന്നു അക്കാലത്തെ ഊട്ടി രൂപതാ ബിഷപ്പ് ദിവംഗതനായ മേജർ ആർച്ച് ബിഷപ്പ് ആന്റണി പടിയറ പിതാവ്. പടിയറ പിതാവിന്റെ പ്രത്യേക താല്പര്യമാണ് തോമസിനെ സെമിനാരിയിൽ ചേർക്കാനിടയായത്. താൻ ശുശ്രൂഷ ചെയ്ത സെമിനാരിയിൽ നിന്നാണ് തോമസ് വൈദീക പരിശീലനം പൂർത്തിയാക്കിയത്. 1980 മെയ്യ് 14-നായിരുന്നു ഫാ. തോമസിന്റെ പൗരോഹിത്യസ്വീകരണം. അടുത്ത ദിവസം തന്നെ ഏറ്റുമാനൂരിൽ മാതൃഇടവകയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു.

**ഇടവക വികാരി/സ്കൂൾ അദ്ധ്യാപകൻ**

ഫാ. തോമസ് തന്റെ പൗരോഹിത്യത്തിന്റെ ആരംഭ ദിശയിൽ ഊട്ടി രൂപതയിൽ 8 വർഷക്കാലം പല പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇക്കാലത്ത് തന്നെ ഊട്ടിയിലെ പ്രശസ്തമായ റെക്സ് ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായും, പ്രിൻസിപ്പലായും പ്രവർത്തിച്ചിരുന്നു.

**ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക്**

ചെറുപ്പം മുതലെ പഠിക്കാൻ മിടുക്കനായ ഫാ.തോമസ് മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിൽ M.A.യും, മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ M.A.യും കരസ്ഥമാക്കി. തുടർന്ന് മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും M.E.D ബിരുദവും സമ്പാദിച്ചിരുന്നു. 1988 മുതൽ ബ്ലാംഗ്ലൂർ സെന്റ് പീറ്റേഴ്സ് മേജർ സെമിനാരിയിൽ അദ്ധ്യാപകനായി. തന്റെ സെമിനാരിയിലെ ഗുരുനാഥനായ ഒരു വിദേശി വൈദികനാണ് സെമിനാരിയിൽ പഠിപ്പിക്കാനായി ഫാ. തോമസിന്റെ പേര് നിർദ്ദേശിച്ചത്. ഫാ. തോമസിന്റെ മികവ് കണ്ട സെമിനാരി അധികൃതർ 1990 മുതൽ റോമിലേയ്ക്ക് ഉന്നതപഠനത്തിനായി അയച്ചു. റോമിൽ നിന്നും 1993-ൽ സിസ്റ്റമാറ്റിക് തിയോളജിയിൽ ഡോക്ടറേറ്റ് സമ്പാദിച്ചു. 1994 മുതൽ വീണ്ടും സെന്റ്. പീറ്റേഴ്സ് സെമിനാരിയിൽ അദ്ധ്യാപനം തുടങ്ങി.

**സെമിനാരി റെക്ടർ**

1994 മുതൽ 2004 വരെ 2 തവണയായി സെമിനാരിയുടെ ഫിനാൻസ് ഓഫീസർ (പ്രൊക്യുറേറ്റർ) ആയി ജോലി അനുഷ്ഠിച്ചിട്ടുണ്ട്. ഇക്കാലത്ത് തന്നെ സെമിനാരിയിലെ സിസ്റ്റമാറ്റിക് തിയോളജിയുടെ ഡിപ്പാർട്ടുമെന്റ് ഹെഡുമായിരുന്നു. തുടർന്ന് 2007-ൽ, വർത്തിക്കാൻ, ഫാ.തോമസിനെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായി നിയമിച്ചു. ഇക്കാലത്ത് സിസ്റ്റമാറ്റിക്ക് തിയോളജിയുമായി ബന്ധപ്പെട്ട് 2 പുസ്തകങ്ങളും. പല പ്രബന്ധങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. ഇപ്രകാരമിരിക്കെ, വർത്തിക്കാൻ, 2009-ൽ ഫാ. തോമസിനെ സെമിനാരിയുടെ റെക്ടറായി നിയമിച്ചു.

ഈ പദവിയിലിരിക്കെയാണ് 2013 ഏപ്രിൽ 1- ന് പുലർച്ചെ ഫാ.തോമസ് കൊലചെയ്യപ്പെട്ടത്.

**ജോലിയോട് തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നയാൾ**

ഫാ.തോമസിന്റെ വൈദീകവൃത്തിയിൽ മേലധികാരികൾക്കും, സഹപ്രവർത്തകർക്കും, ശിഷ്യഗണങ്ങൾക്കും ഏറ്റവും പ്രിയങ്കരമായി തോന്നിയത് തോമസച്ചന്റെ ജോലിയോടുള്ള പ്രതിബദ്ധതയാണ്. ഏല്പിക്കുന്ന ജോലികൾ കൃത്യമായും സത്യസന്ധമായും ചെയ്യുന്നതിൽ ഒരു കുറവും വരുത്തിയിരുന്നില്ല. എല്ലാവരോടും ഒരു മാനുഷിക പരിഗണന വച്ച് പുലർത്തുന്ന തോമസച്ചൻ, സെമിനാരി വിദ്യാർത്ഥികളുടെ മാതൃകാ പുരുഷനായിരുന്നു. പല വിദ്യാർത്ഥികളും സെമിനാരി പഠനം തീരുമ്പോൾ പറയാറുണ്ട് ഞങ്ങളുടെ മാതൃക ഫാ.തോമസാണെന്ന്. പല തർക്കങ്ങളിൽ സെമിനാരിയും, സഭയും സമീപിക്കുന്ന മദ്ധ്യസ്ഥനായിരുന്നു തോമസച്ചൻ. എപ്പോഴും സെമിനാരിയിലെ കാര്യങ്ങൾ കഴിഞ്ഞിട്ടേ മറ്റ് കാര്യങ്ങൾക്ക് സമയം കണ്ടെത്തുമായിരുന്നുള്ളൂ.

**മരണം**

സഭയ്ക്കും, സമൂഹത്തിനും വേണ്ടി സത്യസന്ധമായി ഉറച്ച നിലപാടുകൾ എടുത്തിരുന്നതിനാൽ ശത്രുക്കൾ ഉണ്ടാവുക സ്വാഭാവികമാണ്. അത്തരം ശത്രുക്കൾക്ക് ഫാ. തോമസിനെ ആ പദവിയിലും, ആ സെമിനാരിയിലും നിന്ന് നിഷ്കാസനം ചെയ്യേണ്ടത് ആവശ്യമായിരുന്നു. ശത്രുക്കളോടുപോലും മാനുഷിക പരിഗണന കാണിച്ചതിനാലാണ് അവരുടെ ചെയ്തികൾക്ക് ഇരയാകേണ്ടി വന്നത്. ഇന്ത്യയിലെയും, ലോകത്തിൽ തന്നെ ആദ്യമാണ് ഒരു സെമിനാരി റെക്ടർ ഇപ്രകാരം വധിക്കപ്പെടുന്നത്. ഫാ.തോമസിന്റെ മരണം, സഭയ്ക്കും, പൊതുസമൂഹത്തിനും, സെമിനാരി വിദ്യാഭ്യാസ മേഖലയ്ക്കു തന്നെ ഒരു തീരാനഷ്ടമാണ്.

**സഹോദരങ്ങൾ/കുടുംബം**

ഫാ.തോമസ് താനുൾപ്പെടുന്ന അഞ്ചംഗ കുടുംബത്തിലെ ഏറ്റവും ഇളയ ആളാണ്. 3 സഹോദരിമാരും ഒരു സഹോദരനുമാണുള്ളത്. മേരി ചാക്കോ മൂലക്കാട്ട് വെളിയന്നൂർ, ഏലീശാ ഉതുപ്പ് ചാലായിൽ നീണ്ടൂർ, കെ.ജെ. മാത്യു കൊച്ചുപുരയിൽ, സി. ജാക്വലിൻ എന്നിവരാണ് സഹോദരങ്ങൾ. സി. ജാക്വലിൻ ഒഴിച്ച് എല്ലാവരും കുടുംബമായി കഴിഞ്ഞുവരുന്നു. തന്റെ സഹോദരമക്കൾക്കെല്ലാവർക്കും പ്രിയങ്കരനായിരുന്ന ഫാ.തോമസ് . തന്റെ സഹോദരമക്കൾക്കും, താനുൾപ്പെടുന്ന പഴേമ്പള്ളി കുടുംബത്തിലെ വൈദീകർക്കും, സിസ്റ്റേഴ്സിനും, നാട്ടുകാർക്കും, ഉപരിയായി മാതൃഇടവകയ്ക്കും, മധുര സ്മരണകൾ ബാക്കി വച്ചാണ് ക്രിസ്തുവിന്റെ രക്തസാക്ഷിയായി ഫാ.തോമസ് നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നത്.

ദുഖാർത്തരായ കുടുംബാംഗങ്ങൾക്കുവേണ്ടി

അഡ്വ. ജോസഫ് മാത്യു കൊച്ചുപുരയിൽ
(ഫാ. തോമസിന്റെ സഹോദരപുത്രൻ)

**വിവരങ്ങൾക്ക് കടപ്പാട്**
**അഭിവന്ദ്യ ബാംഗ്ലൂർ ആർച്ച് ബിഷപ്പ്**
**മാർ ബെർനാഡ് മോറസ്**
സഹോദരങ്ങൾ

